A

# സമഗ്ര ശിക്ഷാ, കേരളം

902

## പാദവാർഷിക മൂല്യനിർണ്ണയം 2024–25

ക്ലാസ് : 9

മലയാളം

അടിസ്ഥാനപാഠാവലി

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 x 1 = 4)**

1. 'എന്റെ ഉമ്മ തന്നയച്ച മീൻ അച്ചാർ, എന്റെ സൈനുവിന്റെ നാരങ്ങാ അച്ചാർ....... എന്റെ ചങ്കു പൊള്ളിപ്പോയി.'

   'ചങ്കുപൊള്ളിപ്പോയി' എന്ന പ്രയോഗത്തിന്റെ ആശയത്തോട് ഏറ്റവും യോജിച്ചത് ഏത്?

   - മരുഭൂമിയിലെ ഉഗ്രമായ ചൂടേറ്റ് പൊള്ളി
   - സ്വാദുള്ള അച്ചാറിന്റെ എരിവ്
   - അതിതീവ്രമായ മനോവേദന
   - കുടുംബത്തിൽനിന്നുണ്ടായ കയ്പേറിയ അനുഭവം

2. ചുവടെ ചേർത്തെഴുതിയ പദങ്ങളിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

   - വാഴ, തോട്ടം – <u>വാഴത്തോട്ടം</u>
   - കുലുങ്ങി, കുലുങ്ങി – കുലുങ്ങിക്കുലുങ്ങി
   - തനിച്ച്, ഇരിക്കാൻ – തനിച്ചിരിക്കാൻ
   - ആമ്പൽ, കുളം – ആമ്പൽക്കുളം

3. 'ഒരുപക്ഷേ എന്റെ ആധി കേട്ടിരുന്നെങ്കിൽ അവൻ അപ്പോഴേ കരച്ചിൽ തുടങ്ങുമായിരുന്നിരിക്കണം.' (മണൽക്കുന്നുകൾക്കിടയിലൂടെ)

   നജീബിന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

   - നജീബിനെക്കാൾ ദുർബലമായ മനസ്സാണ് ഹക്കീമിന്റേത്.
   - നജീബിനെക്കാൾ കരുത്തുറ്റ മനസ്സിനുടമയാണ് ഹക്കീം.
   - ഹക്കീമിന് ആരും കരയുന്നത് പ്രശ്നമല്ല.
   - ഹക്കീം പ്രതിസന്ധികളെ ധീരമായി നേരിടും.

(മറുപുറം)

4. 'വിദഗ്ദ്ധനായ ഒരു കലാകാരന്റെ കൈപ്പാടുകൾ ഈ ഭവനത്തിന്റെ ചുമരുകളിൽ പതിഞ്ഞു കാണുന്നില്ല.'

അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർഥം എന്താണ്?

- സർഗാത്മകതയുടെ അഭാവം
- തൊഴിലാളികളുടെ കൈകളുടെ പാട്
- തൊഴിലാളി കൈകൾ കൊണ്ടാണ് ജോലി ചെയ്തത്
- ചുമരിന്റെ പണി പൂർത്തിയാക്കിയിട്ടില്ല.

5. 'നൂറുകണക്കിന് വാഹനങ്ങൾ അതിനെ നിർദാക്ഷിണ്യം പിന്തള്ളിക്കൊണ്ടിരുന്നു. അത് ആകെ പിന്തള്ളുന്നത് സ്വന്തം പുകക്കുഴൽ ഊതിവിടുന്ന കരിമ്പുക മാത്രം.'

(മണൽക്കുന്നുകൾക്കിടയിലൂടെ)

ഈ വാക്യങ്ങളിൽനിന്നും വാഹനത്തെക്കുറിച്ച് വ്യക്തമാകുന്നതെന്ത്?

- നൂറുകണക്കിന് വാഹനങ്ങളെ മറികടക്കുന്ന വാഹനം
- നിർത്തിയിട്ട വാഹനം
- പഴയതും വേഗത കുറഞ്ഞതുമായ വാഹനം
- പുതിയതും വേഗത കൂടിയതുമായ വാഹനം

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 2 = 4)**

6. 'എത്രനാളായി ഞാനിങ്ങു പോന്നിട്ട്!'

'എത്രനാളായി ഞാനിങ്ങു പോന്നിട്ട്?'

രണ്ടു വാക്യത്തിലെയും ചിഹ്നങ്ങൾ സന്ദർഭത്തിന് നൽകുന്ന അർഥവ്യത്യാസം കണ്ടെത്തുക

7. 'ശാന്തിനികേതനത്തിന് അതിർത്തിനിർണ്ണയം ചെയ്യുന്ന ഭിത്തികൾപോലുമില്ല.'

(ശാന്തിനികേതനം)

മുകളിൽ നൽകിയ വാക്യം വിശകലനം ചെയ്ത് ശാന്തിനികേതനം വിശ്വവിദ്യാലയമാണെന്നു പറയുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുക.

8. 'ഈ യാത്ര എല്ലാ അർഥത്തിലും എനിക്കൊരു ഹിമാലയൻയാത്രയായിരുന്നു.'

'ഹിമാലയൻയാത്ര' എന്ന പ്രയോഗത്തിന്റെ പൊരുളെന്ത്?

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4 = 20)**

9. 'വണ്ടിക്ക് അടുത്തെത്തിയതും അർബാബ് എന്റെ ബാഗ് തട്ടിപ്പറിച്ച് വണ്ടിയുടെ പിറകിലെ തുറന്ന ഭാഗത്ത് ഒതുക്കിവച്ചുകൊടുത്തു.'

'ആ നിലവിളി അർബാബിന് ഇഷ്ടമായില്ലെങ്കിലോ എന്ന പേടി.'

(മണൽക്കുന്നുകൾക്കിടയിലൂടെ)

പാഠഭാഗങ്ങൾ വിശകലനം ചെയ്ത് അർബാബിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

10. 'പരന്ന നെൽപ്പാടങ്ങളുടെ കരയിൽ കാണുന്ന ആ പുല്ലുമേഞ്ഞ കർഷകക്കുടിലുകൾ മലയാളക്കരയിൽനിന്ന് ഇറക്കുമതിചെയ്തതാണോ എന്നു തോന്നും.'

(ശാന്തിനികേതനം)

എസ്. കെ. പൊറ്റക്കാട്ട് അവതരിപ്പിക്കുന്ന പ്രകൃതിഭംഗി കേരളത്തിൽ ഇന്നും കാണാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

11. "ധീരമെങ്കിലും എളിയ അതിന്റെ ശ്രമം
വീണുപോകുന്നിടത്ത്
സ്മാരകമായി
ഉയർന്നുവന്നേക്കും
ആരുമറിയാതെ
നാളെ ഒരു മരം." (സ്മാരകം)

'സ്മാരകം' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

12.
- 'പ്രകൃതിയോട് ഇണങ്ങിയ വിദ്യാലയം.'
- 'ഒന്നാന്തരം ഗ്രന്ഥശാല.'
- 'വൃത്തിയായി സജ്ജമാക്കിവച്ച പ്രത്യേകം ഇരിപ്പിടങ്ങൾ.'

(ശാന്തിനികേതനം)

ശാന്തിനികേതനത്തിലെ ഈ കാഴ്ചകൾ നിങ്ങളുടെ വിദ്യാലയാനുഭവങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

13.
- "കുലുങ്ങിക്കുലുങ്ങി എനിക്കു നടു വേദനിക്കാൻ തുടങ്ങിയിരുന്നു. ശ്വസിക്കാൻ ബുദ്ധിമുട്ടുംവിധത്തിൽ പൊടിപടലങ്ങൾ ഉയർന്നുപൊങ്ങുന്നുണ്ട്. എന്തൊരു യാത്രയാണിത്, എന്റെ പടച്ചോനേ..." (മണൽക്കൂനകൾക്കിടയിലൂടെ)
- 'ഇക്കോളജിയേക്കാളും സോഷ്യോളജിയേക്കാളും പരുക്കൻ ജീവിതപാഠങ്ങളാണ് ഞാൻ നന്നായി പഠിച്ചതെന്നുതോന്നുന്നു. വഴിവക്കിലെ പെട്ടിക്കടയിൽനിന്നും ഭക്ഷണം കഴിക്കാൻ, പീടികത്തിണ്ണയിലും ചായക്കടയിലും അന്തിയുറങ്ങാൻ...'

(കാടുകളുടെ താളം തേടി)

തന്നിരിക്കുന്ന യാത്രാനുഭവങ്ങൾ താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14.
- 'പാതയുടെ ഇരുപാടും കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന നെൽപ്പാടങ്ങളിൽ കറുത്ത പുള്ളികൾപോലെ തോന്നുന്ന പുല്ലുമാടങ്ങളിൽനിന്ന്, അത്താഴമൊരുക്കുന്നതിന്റെ പുക....' (ശാന്തിനികേതനം)
- 'ഒരു ഉറ്റതോഴൻ നമ്മുടെ തോളിൽ കൈവച്ച് താൻ കണ്ടതും കേട്ടതും അനുഭവിച്ചതും മനസ്സിലാക്കിയതും പറഞ്ഞുതരുന്ന അനുഭൂതിയാണ് പൊറ്റക്കാട്ടിന്റെ വിവരണങ്ങൾ വായനക്കാരന് നൽകുന്നത്.'

ശാന്തിനികേതനം എന്ന പാഠഭാഗവുമായി ബന്ധിപ്പിച്ച് മുകളിൽ നൽകിയ നിരീക്ഷണം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)

15. "പന്ത്രണ്ടുവർഷത്തെ സാധാരണജീവിതത്തിൽനിന്നു നേടുന്നതിലെത്രയോ അധികം അനുഭവപാഠങ്ങൾ രണ്ടുമാസത്തെ യാത്രയിൽനിന്നു ഞാൻ പഠിച്ചു."

(കാടുകളുടെ താളം തേടി)

സുജാതാദേവിയുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് നിങ്ങൾ നടത്തിയ ഒരു യാത്രയെക്കുറിച്ച് സുഹൃത്തിന് കത്ത് തയ്യാറാക്കുക.

16.
- വിനീതമായ പറക്കലിനിടയിൽ താഴെ വീണുപോയാലും ആരുമറിയാതെ ഒരു മരമായി വളർന്ന് തണലാകുമെന്ന പ്രതീക്ഷയാണ് 'സ്മാരകം' എന്ന കവിത.
- 'സൗമ്യമായ രീതിയിൽ നിങ്ങൾക്ക് ലോകത്തെ ഇളക്കിമറിക്കാൻ കഴിയും.'

(ഗാന്ധിജി)

സ്മാരകം എന്ന കവിതയും ഗാന്ധിജിയുടെ ദർശനവും അടിസ്ഥാനമാക്കി 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. 'ഞാൻ ആരിൽനിന്നൊക്കെയോ കേട്ടറിഞ്ഞ ഗൾഫ് ഇങ്ങനെയൊന്നുമല്ല.'
'അദ്ദേഹത്തിന്റെ കൈയിൽ എന്റെ ജീവിതം സുരക്ഷിതവും ശോഭനവുമാണ്.'

(മണൽക്കൂനകൾക്കിടയിലൂടെ)

സൂചനകളും പാഠഭാഗത്തെ മറ്റുസന്ദർഭങ്ങളും വിശകലനം ചെയ്ത് നജീബ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.